പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2892 | 10/05/2017-ൽ മറുപടിക്ക്

## സ്കൂൾ അദ്ധ്യാപക നിയമനങ്ങൾ നിർത്തിവയ്ക്കാനുള്ള പി.എസ്.സി തീരുമാനം

**ചോദ്യം**

ശ്രീ. എൽദോസ് കുന്നപ്പിള്ളി:

**ഉത്തരം**

ശ്രീ. പിണറായി വിജയൻ

(ബഹു. മുഖ്യമന്ത്രി)

(എ) സ്കൂൾ അദ്ധ്യാപക നിയമനങ്ങൾ നിർത്തിവയ്ക്കാൻ പി.എസ്.സി തീരുമാനം എടുത്തിരുന്നോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് കൂടി നിർബന്ധമാക്കികൊണ്ട് സർക്കാർ ഉത്തരവ് നിലവിൽ വരുകയുണ്ടായി. (ജി.ഒ (പി) നം. 145/16/പൊവിവ തീയതി 30-08-2016).

എൽ.പി.എസ്.എ, യു.പി.എസ്.എ തസ്തികകളുടെ തെരഞ്ഞെടുപ്പിനായി 10-9-2014 ൽ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ കെ-ടെറ്റ് യോഗ്യത സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണിച്ച് ഏതാനും ഉദ്യോഗാർത്ഥികൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ ടി തസ്തികകളുടെ തെരഞ്ഞെടുപ്പ് നടപടികൾ താൽക്കാലികമായി സ്റ്റേ ചെയ്തുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിനെതിരെ പി.എസ്.സി ബഹു. ഹൈക്കോടതിയെ സമീപിച്ചു. ആയത് കോടതിയുടെ പരിഗണനയിൽ ആണ്.

30-08-2016 നു മുൻപ് വിജ്ഞാപനം ചെയ്ത് റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ച തസ്തികകളുടെ നിയമന ശിപാർശ നടപടി താൽകാലികമായി നിർത്തി വയ്ക്കാൻ ബഹു. കമ്മീഷൻ 20-03-2017 ൽ തീരുമാനിച്ചിരുന്നു. എന്നാൽ ടി വിഷയത്തിന്റെ വിവിധ വശങ്ങൾ വീണ്ടും പരിശോധിച്ച് കമ്മീഷൻ 30-08-2016 ന്

മുമ്പ് വിജ്ഞാപനം ചെയതതും ഇപ്പോൾ നിയമനശിപാർശ ചെയ്യുമ്പോൾ കെ-ടെറ്റ് യോഗ്യത സംബന്ധിച്ച OP (KAT) 179/2016 നമ്പർ ഹർജിയിലെ അന്തിമ വിധിക്കും, ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും വിധേയമായാണ് നിയമന ശിപാർശ എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി നിയമനശിപാർശ പുന:രാരംഭിക്കാൻ 27-03-2017-ൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി കെ-ടെറ്റ് എന്ന ടെസ്റ്റ് കൂടി ഉൾപ്പെടുത്തി കേരള വിദ്യാഭ്യാസ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ ഉടനടി ആരംഭിക്കുമോ; വ്യക്തമാക്കുമോ?

(ബി) കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം-2009 ലെ 2 (n) പ്രകാരം TET (ടെറ്റ്) യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ സ്കൂൾ അദ്ധ്യാപകരായി നിയമിക്കാനാകുകയുള്ളൂ. തദനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് സ്കൂളിൽ കെ-ടെറ്റ് നിർബന്ധിത യോഗ്യതയായി. 2012-13 അദ്ധ്യയനവർഷം മുതൽ നിയമിതരായവർക്ക് 2018 നുള്ളിൽ ടി യോഗ്യത കരസ്ഥമാക്കിയിരിക്കണമെന്ന വ്യവസ്ഥയോടെ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

30/8/2016-ലെ സ.ഉ (പി) നം. 145/2016/പൊവിവ പ്രകാരം സർക്കാർ സ്കൂളിലെ അദ്ധ്യാപക തസ്തികകൾക്ക് കെ-ടെറ്റ് നിർബന്ധിതയോഗ്യതയാക്കിയിട്ടുണ്ട്. കേന്ദ്രവിദ്യാഭ്യാസ നയത്തിന് സംസ്ഥാന നിയമങ്ങളെക്കാൾ പ്രാമുഖ്യമുള്ളതിനാൽ കെ.ഇ.ആർ ഭേദഗതി ചെയ്തില്ലെങ്കിലും ഇക്കാര്യത്തിന് നിയമസാധുതയുണ്ട്. എങ്കിലും ഇക്കാര്യത്തിൽ, ആവശ്യമെങ്കിൽ കെ.ഇ.ആർ അദ്ധ്യായം 31 -ൽ ഭേദഗതി വരുത്തുന്നതാണ്. സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ വിഷയത്തിൽ, പി.എസ്.സി യുടെ തീരുമാനത്തിനനുസൃതമായി വ്യക്തമായ തുടർനടപടികളും സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ